**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3458** **14-07-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് തസ്തികയിലെ സ്ഥിരനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് തസ്തികയിൽ ദീർഘകാലമായി സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജിൽ വിവിധ വിഷയങ്ങളിലായി സപ്പോർട്ടിങ് ആർട്ടിസ്റ്റ് തസ്തികയിൽ ആകെ 9 തസ്തികയാണ് നിലവിലുള്ളത്. അതിൽ 2 തസ്തികയി ലൊഴികെ എല്ലാത്തിലും സ്ഥിരാധ്യാപകരാണ് സേവനം അനുഷ്ഠി ക്കുന്നത്. 2 തസ്തികയിൽ ഓരോ അദ്ധ്യയന വർഷവും പത്ര പരസ്യങ്ങളിലൂടെ പൊതു അറിയിപ്പ് നൽകി യോഗ്യരായ അപേക്ഷകരെ അഭിമുഖം നടത്തിയാണ് ഗസ്റ്റ് അദ്ധ്യാപകരായി അതാത് അദ്ധ്യയന വർഷത്തേക്ക് നിയമനം നടത്തുന്നത്. അപ്രകാരം സേവനം അനുഷ്ഠിച്ചിട്ടുള്ള ഗസ്റ്റ് അദ്ധ്യാപകൻ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ, വകുപ്പിന്റെ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം വ്യവസ്ഥ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി അപേക്ഷകന്റെ നിയമന വിവരങ്ങൾ ലഭ്യമാക്കാൻ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ